**<u>സർക്കുലർ</u>**

117/1//NSS/DHSE/2018 23 /08/2018

*NOT ME ...BUT YOU... CAMPAIGN*

കാലാവസ്ഥാ വ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ പ്രകൃതി ദുരന്തങ്ങൾ സാധാരണമാകുന്ന ഒരു സാഹചര്യം സംജാതമായിരിക്കുകയാണ്. പ്രകൃതി ദുരന്തങ്ങളെ നേരിടാൻ ഫലപ്രദമായ ഒരു ക്രൈസിസ് മാനേജ്മെന്റ് സംവിധാനം അടിയന്തിരമായ ആവശ്യമാണ്. വോളണ്ടിയർമാരടക്കമുള്ള വിദ്യാർത്ഥികൾക്ക് ഇതിനാവശ്യമായ പരിശീലനവും മാനസികമായ കരുത്തും നൽകേണ്ടതുണ്ട്. ഇതിനായി സംസ്ഥാന വ്യാപകമായി നമ്മുടെ ലക്ഷ്യവാചകമായ *NOT ME ...BUT YOU...* എന്ന പേരിൽ ഒരു ക്യാമ്പയിന് രൂപം നൽകുന്നു.

ഇതിനായി ജില്ലാതലത്തിൽ 10 അധ്യാപകർ വീതമടങ്ങുന്ന ഒരു ടീമിന് ജില്ലാ കൺവീനർമാർ, പിഎസി തല ഏകോപനത്തിൽ രൂപം നൽകേണ്ടതാണ്. ഇത്തരത്തിൽ സംസ്ഥാനതലത്തിൽ രൂപീകരിക്കുന്ന 150 അംഗ ടീമിന് രണ്ടുഘട്ടങ്ങളിലായി പരിശീലനം നൽകുന്നതാണ്. ടി പരിശീലകരായ അധ്യാപകരുടെ നേതൃത്വത്തിൽ ഫ്ളഡ് മാപ്പിംഗ്, നാശനഷ്ടങ്ങളുടെ വിവരശേഖരണം, തുടർ ആസൂത്രണം, മാലിന്യസംസ്ക്കരണം, പ്രാഥമിക ശുശ്രൂഷ, കൗൺസിലിംഗ്, നിയമപരമായ അറിവുകൾ തുടങ്ങിയ സമഗ്രമായ മേഖലകളിൽ വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും പരിശീലനം നൽകാൻ NOT ME ...BUT YOU... CAMPAIGN ലക്ഷ്യമിടുന്നു.

ഇതിന്റെ തുടർപ്രവർത്തനമായി ഓരോ കേന്ദ്രങ്ങളിലും പൊതുജനങ്ങളെയും വോളണ്ടിയർമാരെയും ചേർത്ത് ക്രൈസിസ് മാനേജ്മെന്റ് ടീമിന് രൂപം നൽകാനും എൻഎസ്എസ് ലക്ഷ്യമിടുന്നു. പരിശീലനം നൽകുന്നതിലേക്കായി ഓരോ ജില്ലാകൺവീനർമാരും അതാതു ജില്ലകളിൽ നിന്നും സന്നദ്ധസേവനത്തിനു താൽപര്യമുള്ള 10 അംഗ അധ്യാപകരുടെ ടീമിന് രൂപം നൽകി ആഗസ്റ്റ് 30 നു മുൻപായി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഒപ്പ്

ഡോ.ജേക്കബ് ജോൺ
പ്രോഗ്രാം കോഡിനേറ്റർ